"ഭരണഭാഷ മാതൃഭാഷ"

## വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
## (ഹാജർ: ബിന്ദു ഗോപിനാഥ് (I/C))

വിഷയം: വനിതാ ശിശു വികസന വകുപ്പ്-വനിതാ ശാക്തീകരണ ക്യാമ്പയിൻ -പൊതു ജനങ്ങളിൽ Gender Awareness നടത്തി ലിംഗസമത്വം ഉറപ്പാക്കാൻ ജനപ്രതിനിധികൾക്കും സർക്കാർ/അർദ്ധ സർക്കാർ ഉദ്യോഗസ്ഥർക്കും ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചത്- കോന്നി അഡീ ഐ.സി.ഡി.എസ് ന് തുക അനുവദിക്കുന്നത് സംബന്ധിച്ച്

പരാമർശം:-1. വ.ശി.വി.വ ഡയറക്ടറുടെ 16/08/2021 ലെ ഇതേ നം. ഉത്തരവ്
2. പത്തനംതിട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ 08/07/2022 ലെ WCD/PTA/A1/472/2020 നം. കത്ത്

**ഉത്തരവ് നം. WEC2-12112/2021 തീയതി: 04.11.2022**

വനിതാ സഹായ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ ബ്ലോക്കുകളിലെ മെമ്പർമാർക്കും ബ്ലോക്കുകളിൽ പ്രവർത്തിക്കുന്ന സർക്കാർ-അർദ്ധ സർക്കാർ സ്ഥാപന മേധാവികൾക്ക്/ജീവനക്കാർക്ക് അവബോധക്ലാസ്സുകൾ നൽകുന്നതിനായി ഒരു ഐ.സി.ഡി.എസിന് 17,000/- രൂപ ക്രമത്തിൽ 258 ഐ.സി.ഡി.എസുകൾക്ക് സൂചന(1) പ്രകാരം ആകെ 43,86,000/- രൂപ അനുവദിച്ചിരുന്നു.

വനിതാ സഹായ കേന്ദ്രങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ജെൻഡർ അവയർനസ് ക്ലാസ്സുകൾ നടത്തുന്നതിനായി 2021-22 വർഷം കോന്നി അഡീ ഐ.സി.ഡി.എസ് ന് അനുവദിച്ച 17,000/- രൂപയിൽ 13800/- രൂപ ചെലവഴിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തിയിരുന്നു എങ്കിലും ബിൽ ഒബ്ജക്ഷൻ ആയതിനാൽ ട്രഷറിയിൽ നിന്നും തുക മാറുന്നതിന് സാധിച്ചില്ലായെന്നും ആയതിനാൽ 2021-22 സാമ്പത്തിക വർഷം ചെലവഴിച്ച 13800/- രൂപ കോന്നി സി.ഡി.പി.ഒ യ്ക്ക് അനുവദിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തിൽ 13800 -/രൂപ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് പരാമർശം( (2പ്രകാരം പത്തനംതിട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ വനിതാ സഹായ കേന്ദ്രങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ജെൻഡർ അവയർനസ് ക്ലാസ്സുകൾ നടത്തുന്നതിനായി 2021-22 വർഷം പരാമർശം (1) പ്രകാരം കോന്നി അഡീ. സി.ഡി.പി.ഒ യ്ക്ക് അനുവദിച്ചിരുന്ന 17,000/- രൂപ പ്രസ്തുത വർഷത്തിൽ വിനയോഗിക്കാൻ സാധിക്കാത്തതിനാൽ പത്തനംതിട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ നടപ്പ് സാമ്പത്തിക

വർഷത്തിൽ 13,800/- രൂപ കോന്നി അഡീ. സി.ഡി.പി.ഒ യ്ക്ക് അനുവദിച്ച് ഉത്തരവാകുന്നു. പ്രസ്തുത തുകയായ 13,800/- (പതിമൂവായിരത്തി എണ്ണൂറ് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68-03 (പ്ലാൻ) ശീർഷകത്തിൽ നിന്നും വിനിയോഗിക്കേണ്ടതാണ്. ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ

സി.ഡി.പി.ഒ , കോന്നി അഡീ.

പകർപ്പ്

1. സൂപ്രണ്ട്, എ സെക്ഷൻ (അലോട്ട്മെന്റ് അനുവദിക്കുന്നതിന്)
2. പത്തനംതിട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർ
3. സ്റ്റോക്ക് ഫയൽ/ സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്